70/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
07/08/2020

# സർക്കുലർ

## കോവിഡ് 19ഉം ഭാവി ഭാരതവും

രാജ്യം എഴുപത്തിനാലാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണ്. കോവിഡ് മഹാമാരി ഉയർത്തുന്ന ഭീഷണിയുടെ പശ്ചാത്തലത്തിൽ ലോകം ആശങ്കയിലായിരിക്കുന്ന ഘട്ടത്തിലാണ് സ്വാതന്ത്ര്യദിനം എത്തുന്നത്.

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം സംസ്ഥാനതലത്തിൽ ഉപന്യാസ മത്സരം സംഘടിപ്പിക്കുന്നു. **കോവിഡ് 19ഉം ഭാവിഭാരതവും** എന്നതാണ് ഉപന്യാസ വിഷയം. ഉപന്യാസം 300 വാക്കുകളിൽ കവിയരുത്.

എൻഎസ്എസ് വോളണ്ടിയർമാർ ഉപന്യാസങ്ങൾ ആഗസ്റ്റ് 15 നകം പ്രോഗ്രാം ഓഫീസർമാർക്ക് ഇമെയിൽ ആയോ വാട്ട്സ് ആപ്പ് മുഖാന്തിരമോ തപാലിലോ അയച്ചുകൊടുക്കേണ്ടതാണ്. യൂണിറ്റുതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തെരഞ്ഞെടുത്ത് ക്ലസ്റ്റർ തല വിലയിരുത്തലിനായി അതാത് പിഎസിമാർക്ക് ആഗസ്റ്റ് 20 നകം അയച്ചുകൊടുക്കേണ്ടതാണ്. ജില്ലാതല വിലയിരുത്തൽ പൂർത്തിയാക്കി ആഗസ്റ്റ് 30-ാം തീയതിയ്ക്കുമുൻപ് ഒന്നും രണ്ടും സ്ഥാനങ്ങൾ എൻഎസ്എസ് സെല്ലിലേയ്ക്ക് അയച്ചുതരേണ്ടതാണ്. സംസ്ഥാനതലത്തിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് എൻ.എസ്.എസ്. അവാർഡ് വിതരണവുമായി ബന്ധപ്പെട്ട് പുരസ്ക്കാരങ്ങൾ നൽകുന്നതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ